(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഹയർ സെക്കൻഡറി അനുവദിക്കപ്പെട്ടിട്ടുള്ള നിലവിലുള്ള ബാച്ചുകൾ വിഷയാടിസ്ഥാനത്തിൽ പരിശോധിച്ച് ഏതെല്ലാം വിഷയങ്ങൾക്ക് എത്ര ബാച്ചുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വിഷയങ്ങൾ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിലവിലുണ്ടോ ?

<u>ഉത്തരം.</u>

(എ) ഇല്ല.

(ബി) ഭരണപരമായ വിഷയങ്ങളും കോടതി വ്യവഹാരങ്ങളുമാണ് ഈ വിഷയത്തിൽ കാലതാമസമുണ്ടാക്കുന്നത്.

(സി) ഇല്ല.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത പരിഗണിച്ചാണ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നത്.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ**

97 (7064) <u>ശ്രീ ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ, ജൂനിയർ ഹിസ്റ്ററി വിഭാഗം അധ്യാപകരുടെ ആകെ എത്ര ഒഴിവുകൾ 1-8-2008 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഉണ്ടായി ; വിശദവിവരം നൽകാമോ ;

(ബി) അവയിൽ എത്ര എണ്ണത്തിൽ ജൂനിയർ അധ്യാപകർക്ക് സ്ഥാനകയറ്റം നൽകി ; ബാക്കിയുള്ള ഒഴിവുകൾ എത്ര ;

(സി) അവയിൽ 1:3 എന്ന അനുപാത പ്രകാരം എത്ര വീതം ഒഴിവുകൾ തസ്തിക മാറ്റം (എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ.) വഴി നിയമിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടു ;

(ഡി) എത്ര വീതം ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും ജനറൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തു ;

(ഇ) അവയിൽ എത്ര എണ്ണത്തിന് പി.എസ്.സി.യിൽ നിന്ന് നിയമന ശുപാർശ ചെയ്തു ; എത്ര പേർ ഉദ്യോഗത്തിൽ പ്രവേശിച്ചു ;

(എഫ്) തസ്തികമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നിർദ്ദിഷ്ട 25% നിരക്കിനെ അധികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കുമ്പോൾ സയൻസ് കോമ്പിനേഷന് ആനുപാതികമായി ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഈ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി തസ്തികയിൽ 277 ഒഴിവുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഹിസ്റ്ററി തസ്തികയിൽ 123 ഒഴിവുകളുമുണ്ടായി.

(ബി) എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി തസ്തികയിലേക്ക് 26 ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി. ബാക്കി 251 ഒഴിവുകളാണ് ഉണ്ടായിരുന്നത്.

(സി) 65 (സീനിയർ), 23 (ജൂനിയർ)

(ഡി) 183 (സീനിയർ), 100 (ജൂനിയർ)

(ഇ) എച്ച്.എസ്.എസ്.റ്റി. ഹിസ്റ്ററി തസ്തികയിൽ 161 ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുകയും 98 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എച്ച്.എസ്.എസ്.റ്റി. ഹിസ്റ്ററി (ജൂനിയർ) തസ്തികയിൽ 31 ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുകയും 31 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

(എഫ്) 2012-13 വർഷം എച്ച്.എസ്.എസ്.ടി. തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ 10 എണ്ണം കൂടുതലായി തസ്തികമാറ്റ നിയമനത്തിനുവേണ്ടി മാറ്റിവയ്ക്കുകയും ആയത് ഹയർ സെക്കണ്ടറി ഡയറക്ടറുടെ 26-6-2014-ലെ എഡി.സി3/59927/എച്ച്.എസ്.ഇ/2013 നമ്പർ കത്ത് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. എച്ച്.എസ്.എസ്.ടി (ജൂനിയർ)-ന് നിലവിൽ 94 തസ്തികകളാണ് ഉള്ളത്. 69 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 23 എണ്ണം തസ്തികമാറ്റ നിയമനത്തിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 2 പേർ നിലവിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയി ജോലി ചെയ്യുന്നുണ്ട്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ തസ്തികമാറ്റ നിയമനത്തിനുവേണ്ടി മാറ്റിവയ്ക്കേണ്ട ഒഴിവുകൾ 25% നിരക്കിനെ അധികരിച്ചിട്ടില്ല.

(ജി&എച്ച്) ഈ വർഷം പുതുതായി ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly